Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ. KITE/2022/1562 (22) തീയതി : 13.04.2022

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും

സർ,

വിഷയം :- **കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - അമ്മമാർക്കുള്ള സൈബർ സുരക്ഷാ അവബോധ പരിശീലനം സംബന്ധിച്ച്**

സൂചന:-
1. സ.ഉ (സാധാ) നം.361/2018/പൊ.വി. തീയതി 20.01.2018.
2. ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.02.2022-ന് രാവിലെ 11.30 ന് ചേർന്ന രണ്ടാം നൂറുദിന കർമ പരിപാടിയിൽ ഉൾപ്പെടുത്തേണ്ട പദ്ധതികളുടെ അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പ്.
3. ഈ ഓഫീസിലെ 13.04.2022 ലെ KITE/2022/1562 (21) നമ്പർ സർക്കുലർ.

സംസ്ഥാന സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി അമ്മമാർക്ക് സൈബർ സുരക്ഷാ ക്യാമ്പെയിൻ 2022 ഏപ്രിൽ-മെയ് മാസങ്ങളിൽ ക്രമീകരിക്കേണ്ടതാണ്. ഇതിനാവശ്യമായ പരിശീലന മൊഡ്യൂളും റിസോഴ്സുകളും ലഭ്യമാക്കും. ജില്ലയിൽ പരമാവധി സ്കൂളുകളിൽ പരിശീലനം ക്രമീകരിക്കേണ്ടതാണ്. ജില്ലയിൽ പരിശീലനം ക്രമീകരിക്കുമ്പോൾ താഴെപ്പറയുന്ന നിർദേശങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. കൈറ്റ് തയ്യാറാക്കിയ മൊഡ്യൂൾ അനുസരിച്ച് മാത്രമാണ് പരിശീലനം നടക്കുന്നതെന്ന് ജില്ലാ കോ-ഓർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്.
2. 2022 മെയ് മാസത്തിൽ ഒന്നാം ഘട്ടം പൂർത്തിയാകത്തക്ക രീതിയിൽ പരിശീലനങ്ങൾ ക്രമീകരിക്കേണ്ടതാണ്.
3. ഓരോ യൂണിറ്റിലേയും 4 ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും 2 കൈറ്റ് മാസ്റ്റർ/മിസ്ട്രസിനും റിസോഴ്സ് പേഴ്സണായി ഒരു ദിവസത്തെ പരിശീലനം നൽകേണ്ടതാണ്. ഇതിനനുസൃതമായി പരിശീലന ദിവസങ്ങൾ ക്രമീകരിക്കേണ്ടതാണ്.
4. പരിശീലനം ലഭിച്ച 4 അംഗങ്ങളും 2 കൈറ്റ് മാസ്റ്റർമാരുമായിരിക്കണം വിദ്യാലയ പരിശീലനത്തിൽ റിസോഴ്സ് പേഴ്സൺമാരായി പ്രവർത്തിക്കേണ്ടത്.
5. യൂണിറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി പരിശീലനം നൽകേണ്ട ബാച്ചുകൾ തിട്ടപ്പെടുത്തി ആവശ്യമായ എണ്ണം റിസോഴ്സ് പേഴ്സൺമാർക്ക് ഒരു ദിവസത്തെ ഡി.ആർ.ജി പരിശീലനം നൽകേണ്ടതാണ്. ഡി.ആർ.ജി പരിശീലനത്തിൽ പങ്കെടുക്കുന്ന റിസോഴ്സ് പേഴ്സൺ മാർ ഉൾപ്പെടെയുള്ളവർക്ക് 500/- രൂപ ഓണറേറിയമായി അനുവദിക്കേണ്ടതാണ്.
6. ഡി.ആർ.ജി പരിശീലനത്തെത്തുടർന്ന് യൂണിറ്റുകളിൽ നിന്നും നിർദേശിക്കപ്പെട്ടിട്ടുള്ള എണ്ണം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും കൈറ്റ് മാസ്റ്റർക്കും സമയബന്ധിതമായി ഒരു ദിവയത്തെ പരിശീലനം നൽകേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്ന റിസോഴ്സ് പേഴ്സൺമാർക്ക് 350/- രൂപ ഓണറേറിയമായി അനുവദിക്കേണ്ടതാണ്.
7. സൂചന 3 പ്രകാരമുള്ള നിർദേശങ്ങൾ അനുസരിച്ചാണ് ഓരോ യൂണിറ്റിലും പരിശീലനം നടക്കുന്നതെന്ന് ചുമതലയുള്ള മാസ്റ്റർ ട്രെയിനർമാർ ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ് :- എല്ലാ മാസ്റ്റർ ട്രെയിനർമാർക്കും